# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3527 — 22/08/2017-ൽ മറുപടിക്ക്

## ഡെങ്കിപനിയുടെ ചികിത്സ സംബന്ധിച്ച് സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കുമുള്ള നിർദ്ദേശങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ പടർന്ന് പിടിച്ച ഡെങ്കിപനിയുടെ ചികിത്സ സംബന്ധിച്ച് സ്വകാര്യ ആശുപത്രികൾക്കും ക്ലിനിക്കുകൾക്കും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; സ്വകാര്യ ഡോക്ടർമാർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; വിശദീകരിക്കുമോ; | എ) നൽകിയിട്ടുണ്ട്.<br>ജില്ലാ മെഡിക്കൽ ആഫീസിലെ ജില്ലാ സർവൈലൻസ് ഓഫീസർ മുഖേന ജില്ലയിലെ സ്വകാര്യ ഡോക്ടർമാർ ഉൾപ്പെടെ ഉള്ളവർക്ക് ചികിത്സാമാർഗ്ഗരേഖ ലഭ്യമാക്കുവാനും ആവശ്യമായ പരിശീലനം നൽകാനും ജില്ലാ മെഡിക്കൽ ആഫീസർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ജില്ലാ ബ്രാഞ്ച് മുഖേനയും എല്ലാ ജില്ലകളിലും സ്വകാര്യ ഡോക്ടർമാർ അടക്കമുള്ളവർക്ക് ഡങ്കിപ്പനിയുടെ ചികിത്സാമാർഗ്ഗരേഖ-യെക്കുറിച്ച് പരിശീലനം നൽകിയിട്ടുണ്ട്. |
| ബി) സ്വകാര്യ ആശുപത്രികൾ ഈ രോഗത്തിന് നടത്തിയ ചികിത്സയിലെ പിഴവുകൾമൂലം രോഗികൾ ഗുരുതരാ-വസ്ഥയിലെത്തുകയോ മരണ-പ്പെടുകയോ ചെയ്തതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഡെങ്കിപനിക്ക് കാരണമായ വൈറസുകളുടെ സ്വഭാവവും സവിശേഷതകളും സംബന്ധിച്ച് ഗവേഷണം നടത്തിയിട്ടുണ്ടോ; ഇതിനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ? | സി) ഡങ്കുവൈറസ് ഏത് സിറോടൈപ്പ് ആണെന്ന് കണ്ടെത്തുന്നതിനുള്ള PCR ടെസ്റ്റ് തിരുവനന്തപുരം പബ്ലിക് ഹെൽത്ത് ലാബിൽ ചെയ്തു വരുന്നുണ്ട്. കൂടാതെ ഈഡിസ് കൊതുകുകളിൽ വൈറസിന്റെ സാന്നിദ്ധ്യം കണ്ടെത്തുവാനായി കോട്ടയം VCRC എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ